"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- തൃശ്ശൂർ ജില്ല - ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് - ദേശീയപാത -66 വികസനവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാര തുക ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചുകൊണ്ടും, WP(C) No. 721/2023 നമ്പർ കേസിലെ 4/3/2025 ലെ വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.824/2026/LSGD തീയതി,തിരുവനന്തപുരം, 25-03-2026

---

പരാമർശം:-

1. GO (P) No.190/2021/RD തീയതി 25.11.2021 സർക്കാർ ഉത്തരവ്
2. GO (P) No.232/2022/ധന തീയതി 12.01.2022 സർക്കാർ ഉത്തരവ്
   ഡെപ്യൂട്ടി കളക്ടർ & ലാന്റ് അക്വിസിഷൻ കോമ്പിറ്റന്റ്
3. അതോറിറ്റിയുടെ 16/12/2022 ലെ 1/2021-22/MAN/013068/2022 നമ്പർ നടപടിക്രമം.
4. ബഹു. ഹൈക്കോടതിയുടെ WP(C) No.721/2023 നമ്പർ കേസിൻമേലുള്ള 04/03/2025 ലെ വിധിന്യായം
5. 25/03/2025 തീയതിയിലെ സാധാരണ യോഗത്തിലെ 12(1)-ാം നമ്പർ തീരുമാനം
6. ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് 7/5/2025 ൽ തദ്ദേശസ്വയംഭരണ സെക്രട്ടറിയ്ക്ക് സമർപ്പിച്ച കത്ത്
7. ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 21/06/2025 ലെ ബി.പി 521/2025 നമ്പർ കത്ത്
8. WP(C) No.721/2023 നമ്പർ കേസിൽ ചാവക്കാട് ബ്ലോക്ക് ചാവക്കാട് ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് ഫയൽ ചെയ്ത Contempt Case No. 2823/2025

<u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചാവക്കാട് താലൂക്ക്, മണത്തല വില്ലേജ് സർവ്വേ നമ്പർ 258/28-5A യിൽ 0.0332 ഹെക്ടർ ഭൂമിയും, ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനമന്ദിരത്തിന്റെ പ്രധാനഭാഗവും, ദേശീയപാത-66 വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ള ഇനത്തിൽ കെട്ടിടത്തിനുള്ള നഷ്ടപരിഹാര തുകയായി **1,26,14,816.14/- (ഒരുകോടി ഇരുപത്തിയാറുലക്ഷത്തി പതിനാലായിരത്തി എണ്ണൂറ്റി പതിനാറ് രൂപ മാത്രം )** അനുവദിച്ചു കൊണ്ട് പരാമർശം (3) പ്രകാരം ഡെപ്യൂട്ടി കളക്ടർ & ലാന്റ് അക്വിസിഷൻ കോമ്പിറ്റന്റ് അതോറിറ്റിയുടെ ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഭൂമി പുറമ്പോക്ക് ഭൂമി ആയതിനാൽ ടി തുക ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്ത് പ്രസിഡന്റും ചേർന്ന് WP(C)No. 721/2023 കേസ് ഫയൽ ചെയ്യുകയും ചെയ്തു. ബഹു.ഹൈക്കോടതിയുടെ പരാമർശം (4) ലെ അന്തിമവിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) ലെ ഭരണസമിതി തീരുമാനം

കൈക്കൊണ്ട് ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (6) പ്രകാരം പ്രസ്തുത തുക ലഭ്യമാക്കുന്നതിന് സർക്കാരിൽ അപേക്ഷ ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സർക്കാരിൽ സ്വീകരിച്ചുവരവെ പരാമർശം (8) പ്രകാരം ബഹു. കോടതി വിധിന്യായം പാലിച്ചില്ലായെന്ന് ഉന്നയിച്ചുകൊണ്ട് കോടതി അലക്ഷ്യകേസ് നമ്പർ 2823/2025 ഫയൽ ചെയ്യപ്പെട്ടു

[illegible]

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) & (2) സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചാവക്കാട് താലൂക്ക്, മണത്തല വില്ലേജ് സർവ്വേ നമ്പർ 258/28-5A യിൽ 0.0332 ഹെക്ടർ ഭൂമിയും , ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനമന്ദിരത്തിന്റെ പ്രധാനഭാഗവും ദേശീയപാത-66 വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ള ഇനത്തിൽ **കെട്ടിടം നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാര തുകയായ 1,26,14,816/- (ഒരുകോടി ഇരുപത്തിയാറുലക്ഷത്തി പതിനാലായിരത്തി എണ്ണൂറ്റി പതിനാറ് രൂപ മാത്രം )** തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ചുവടെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചിരിയ്ക്കണമെന്ന വ്യവസ്ഥയിൽ **'0075-00-105--98** 'ശീർഷകത്തിൽ നിന്നും ചാവക്കാട് **ബ്ലോക്ക് പഞ്ചായത്തിന്** അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:-

i) തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രസ്തുത തുക റീഫണ്ട് ചെയ്യുന്നതിനുള്ള ഡി.ഡി.ഒ. യെ ചുമതലപ്പെടുത്തേണ്ടതാണ്.

ii) 0075-00-105-98 ശീർഷകത്തിൽ നിന്നും ഉത്തരവ് പ്രകാരമുള്ള തുക റീഫണ്ട് ചെയ്യുന്നതിനായി ട്രഷറി ആപ്ലിക്കേഷനിലെ റീഫണ്ട് മാസ്റ്ററിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിന് വേണ്ടി ഭരണാനുമതി ഉത്തരവ് സഹിതം DDO ബന്ധപ്പെട്ട ട്രഷറിയെ സമീപിക്കേണ്ടതാണ്.

iii) ട്രഷറി ആപ്ലിക്കേഷനിൽ തുക റീഫണ്ട് ചെയ്യുകൊണ്ട് മാറ്റം വരുത്തിക്കഴിഞ്ഞാൽ DDO സ്റ്റ് ബിംസ് ആപ്ലിക്കേഷൻ വഴി റീഫണ്ട ബിൽ process ചെയ്ത് ട്രഷറിയിൽ സമർപ്പിച്ച് തുക മാറി കക്ഷികൾക്ക് അനുവദിക്കാവുന്നതാണ്.

iv) പ്രസ്തുത തുക 0075-00-105-98 എന്ന ശീർഷകത്തിലേക്കു ഒടുക്കിയിട്ടുള്ള ചെലാൻ സംബന്ധിച്ച വിശദാംശങ്ങൾ കൂടി റീഫണ്ട് നടപടികൾക്കായി ട്രഷറിക്കു ലഭ്യമാക്കേണ്ടതാണ്.

3) ഇപ്രകാരം WP(C) No. 721/2023 നമ്പർ കേസിലെ 04/03/2025 ലെ വിധിന്യായം പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡീഷണൽ സെക്രട്ടറി

1) അഡ്വക്കേറ്റ് ജനറൽ ,കേരള ഹൈക്കോടതി, എറണാകുളം(ആമുഖ കത്ത് സഹിതം)
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, ചാവക്കാട് ബ്ലോക്ക്പഞ്ചായത്ത്, തൃശ്ശൂർ ജില്ല
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
6) ധനകാര്യ(Dev-wing) വകുപ്പ് (Dev-2/152/2025-FIN(E-3254828 dated 21.03.2026)
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
8) കരുതൽ ഫയൽ (ഡി.ബി1/184/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 25.03.2026 18:03:51